**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1923** **29-07-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി മേഖലയുടെ വളർച്ചയ്ക്ക് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | കൈത്തറി മേഖലയുടെ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "കൈത്തറി മിത്ര". കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ നെയ്ത്തുകാർക്ക് ആകർഷകമായ വരുമാനം ഉറപ്പ് വരുത്തുവാനായി വിപണിക്കനുയോജ്യമായ വിധം തുണികൾ, കൈത്തറിയിൽ ഉല്പാദിപ്പിച്ചു നൽകുന്ന പദ്ധതിയാണിത്. കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി". "ഒരു വീട്ടിൽ ഒരു തറി പദ്ധതി" പ്രകാരം കൂടുതൽ നെയ്ത്തുകാരെ നെയ്ത്തിലേക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്. യുവതലമുറയെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയാണ് "യുവവീവ്." പ്രാഥമിക വിദ്യാഭ്യാസ യോഗ്യതയുള്ള, 18 നും 40 നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് നെയ്ത്തിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിനായി "ടെക്നോളജി അപ്ഗ്രഡേഷൻ" പദ്ധതി പ്രകാരമുള്ള കൈത്തറി സംഘങ്ങളുടെ നവീകരണത്തിനായി തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും സംഘങ്ങളുടെ വർക്ക്ഷെഡ്, വ്യക്തിഗത വർക്ക്ഷെഡ്, ഡൈ ഹൗസ് എന്നിവ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നു. കൈത്തറി നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിത നെയ്ത്തുകാർക്ക് വിശ്രമമുറികൾ, ടോയിലറ്റുകൾ, സ്റ്റോറിംഗ് സൗകര്യങ്ങൾ എന്നിവ അനുവദിച്ച് |

| | | | |
|---|---|---|---|
| | | | കൊടുക്കുന്നതിന് "റെസ്റ്റ് റൂം ആന്റ് ടോയിലറ്റ് മെയിന്റനൻസ്" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി സ്ത്രീകൾക്ക് അവരുടെ ജോലി സ്ഥലത്ത് ആരോഗ്യ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നു. |
| (ബി) | ആലപ്പുഴ ജില്ലയിൽ ഉൾപ്പെടെ പട്ടുനൂൽ ഉത്പാദനം കാര്യക്ഷമമാക്കാൻ എന്തൊക്കെ പുതിയ സംരംഭങ്ങൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ